**<u>അടിയന്തര പ്രമേയം</u>**

## ഹയർ സെക്കന്ററി പുസ്തക വിതരണം

<u>മി. സ്പീക്കർ:</u> സംസ്ഥാനത്തെ പ്ലസ്‌വൺ, പ്ലസ്ടു ക്ലാസുകൾ ആരംഭിച്ച് കഴിഞ്ഞിട്ടും പുതുക്കിയതുൾപ്പെടെയുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കാത്തതിനാലും സർക്കാർ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികളെ അൺഎയ്ഡഡ് മേഖലയുടെ ചൂഷണത്തിന് വിട്ടുകൊടുത്തിരിക്കുന്നതിനാലും ഹയർ സെക്കന്ററി വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും ആശങ്ക ഉണ്ടാക്കിയതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ.കെ. വിജയൻ, ആർ. രാജേഷ്, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദുറബ്ബ്)</u>: സർ,. സംസ്ഥാനത്തെ പ്ലസ്‌വൺ, പ്ലസ്ടു ക്ലാസുകൾ ആരംഭിക്കുന്നതോടൊപ്പം തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇക്കൊല്ലം 1, 3, 5, 7 എന്നീ ക്ലാസ്സുകളോടൊപ്പം പ്ലസ്‌വൺ–ന്റെ മുഴുവൻ പാഠപുസ്തകങ്ങളും പുതിയ കരിക്കുലം പ്രകാരം തയ്യാറാക്കി അച്ചടിച്ച് ലഭ്യമാക്കുകയാണുണ്ടായത്. ഇക്കൊല്ലം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ 37 പുസ്തകങ്ങളും എൻ.സി.ഇ.ആർ.ടി .യുടെ 19 പുസ്തകങ്ങളുമാണ് പ്ലസ്‌വൺ–ന് തയ്യാറാക്കിയിട്ടുള്ളത്. പ്ലസ്ടു–വിന് നിലവിലുള്ള 46 പുസ്തകങ്ങൾ റീപ്രിന്റ് ചെയ്ത് നൽകുക

യാണ്. കഴിഞ്ഞ വർഷം ജൂലൈ 8–നാണ് പ്ലസ്വൺ ക്ലാസ്സുകൾ ആരംഭിച്ചതെങ്കിൽ ഇക്കൊല്ലം ജൂലൈ 14– നാണ് ആരംഭിക്കുന്നത്. 6 ദിവസത്തെ താമസം മാത്രമേയുള്ളൂ. മാത്രമല്ല കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെ നേരത്തെ എസ്.എസ്.എൽ.സി റിസൾട്ട് പബ്ലിഷ് ചെയ്തതുകൊണ്ടും അതോടൊപ്പം സി.ബി.എസ്.ഇ. പോലുള്ള പരീക്ഷകളുടെ റിസൾട്ട് വരാത്തതുകൊണ്ടുമാണ് അഡ്മിഷൻ പ്രോസസ്സ് താമസിക്കാനുള്ള കാരണം. ഈ വർഷം പ്ലസ്വൺ–ന് 487366 അപേക്ഷകരാണുള്ളത്. ഈ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾക്ക് പെട്ടെന്ന് അഡ്മിഷൻ ലഭിക്കാൻ വേണ്ടിയാണ് 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചു കൊടുത്തത്. മാത്രമല്ല അതൊരു സ്ഥിരം സംവിധാനവുമല്ല. ആദ്യമായി ചെയ്യുന്നതുമല്ല. കഴിഞ്ഞ കാലങ്ങളിൽ മാർജിനൽ ഇൻക്രീസായി ചെയ്തിട്ടുണ്ട്. അത് ഈ വർഷവും ചെയ്തുവെന്ന് മാത്രമേയുള്ളൂ. 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചതുൾപ്പെടെ 390236 സീറ്റുകൾ ലഭ്യമാണ്. ഏകദേശം 95000–ത്തോളം സീറ്റുകളുടെ കുറവാണ് ഇപ്പോഴുള്ളത്. വി.എച്ച്.എസ്.സി, പോളിടെക്നിക്ക്, ഐ.ടി.ഐ, റ്റി.റ്റി.ഐ തുടങ്ങിയ മേഖലകളിലായി അര ലക്ഷത്തോളം സീറ്റുകൾ ലഭ്യമാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ സീറ്റുകളും ബാച്ചുകളും അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചു വരികയാണ്. വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ് ഏതാനും ആഴ്ചകൾക്കുള്ളിൽ റിസൾട്ട് പബ്ലിഷ് ചെയ്യാൻ കഴിഞ്ഞത്. അതേ സമയം സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ റിസൾട്ട് കൂടി കണക്കിലെടുത്താണ് അഡ്മിഷൻ നടപടികൾ ആരംഭിച്ചത്. കഴിഞ്ഞ വർഷത്തിൽ നിന്നും

പ്രകടമായ കാലതാമസം ഈ വർഷം ഉണ്ടായിട്ടില്ല. ഇക്കൊല്ലം പ്ലസ്‌വൺ വിദ്യാർത്ഥികൾക്കായി ആകെ ആവശ്യമായ 1242105 പുസ്കങ്ങളിൽ 644504 പുസ്തകങ്ങൾ (52 ശതമാനം) ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഇന്നലെ ക്ലാസ് തുടങ്ങിയിട്ടേയുള്ളൂ. ബാക്കി പുസ്തകങ്ങളുടെ വിതരണം ഈ മാസം 31-ാം തീയതിയ്ക്കകം പൂർത്തിയാക്കുന്നതാണ്. പ്ലസ്ടു-വിന് 894793 പുസ്തകങ്ങൾ ആവശ്യമാണ്. അതിൽ 787788 പുസ്തകങ്ങൾ (88 ശതമാനം) വിതരണം ചെയ്തിട്ടുണ്ട് ബാക്കിയുള്ളതിന്റെ വിതരണം നടന്നു വരുന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ വിതരണം പൂർത്തീകരിക്കുന്നതാണ്. ഗുണമേന്മയുള്ള കടലാസ്സിൽ പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. അതുകൊണ്ട് ആദ്യമുണ്ടായിരുന്ന 70 ജി.എസ്.എം മാറ്റി 80 ജി.എസ്.എം ആക്കി മാറ്റേണ്ടി വന്നപ്പോഴുണ്ടായ ഒരു കാലതാമസം കൂടി ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഹയർ സെക്കന്ററി മേഖലയെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് നിയോഗിച്ച പ്രൊഫ.പി.ഒ.ജെ. ലബ്ബ ചെയർമാനായ വിദഗ്ദ്ധ സമിതിയുടെ ശുപാർശ പ്രകാരമാണ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവർത്തി ദിനമായിരുന്ന ശനിയാഴ്ച ഒഴിവാക്കി പുതിയ സമയക്രമം നിലവിൽ വന്നത്. അദ്ധ്യാപക സംഘടനകളുൾപ്പെടെ ബന്ധപ്പെട്ട വിദഗ്ദ്ധരുമായും ചർച്ച ചെയ്താണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. പ്രിൻസിപ്പൽമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ഡി.പി.സി കൂടുന്നതിനുള്ള നിർദ്ദേശം പി.എസ്.സി-ക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ ഉടൻ തന്നെ നികത്തുന്നതാണ്. പ്രിൻസിപ്പൽമാരുടെ ചുമതല സീനിയർ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. അത്യാവശ്യം വരുന്ന സാഹചര്യത്തിൽ പ്രത്യേക പരിഗണനയുടെ അടിസ്ഥാനത്തിലാണ്

അഡ്മിഷൻ നൽകിയിട്ടുള്ളത്. അല്ലാതെ വ്യാപകമായി, വിവേചനപരമായി അഡ്മിഷൻ നൽകുകയല്ല ചെയ്യുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അഡീഷണൽ സീറ്റായി കമ്മിറ്റ്മെന്റ് വരാത്ത രീതിയിലാണ് അഡ്മിഷൻ നൽകുന്നത്. അത് എല്ലാ കാലഘട്ടങ്ങളിലും ഉണ്ടാകുന്നതാണ്, അതുമാത്രമേ ഈ ഗവൺമെന്റും ചെയ്തിട്ടുള്ളൂ. ജനപ്രതിനിധികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന കേന്ദ്ര പദ്ധതികളു ടെയും ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികളൊഴികെയുള്ള എല്ലാ കുട്ടികൾക്കും എസ്.എസ്.എ. മുഖേന രണ്ടു ജോഡി യൂണിഫോം അനുവദിക്കുന്നുണ്ട്. കഴിഞ്ഞ വർഷം എയ്ഡഡ് മേഖലയിലെ ഇതേവിഭാഗം കുട്ടികൾക്കും സർക്കാർ ഫണ്ടുപയോഗിച്ച് യൂണിഫോം നൽകാൻ തീരുമാനി ക്കുകയും ഇക്കാര്യം സുതാര്യവും കാര്യക്ഷമവുമായും നടത്തുന്നതിന് ഇ–ടെണ്ടർ മുഖേന എം–പാനൽ ചെയ്ത കമ്പനികൾ മുഖേന ഗുണനിലവാര മുള്ള യൂണിഫോം വിതരണം നൽകാൻ തീരുമാനിക്കുകയുമുണ്ടായി. അതിനുമുൻപത്തെ വർഷം സ്കൂളുകൾക്ക് തുക കൊടുക്കുകയായിരുന്നു. അതിൽ അപാകതകളുള്ളതുകൊണ്ട് കർണ്ണാടക, ആന്ധ്ര പോലുള്ള സംസ്ഥാ നങ്ങൾ പിന്തുടരുന്ന എം–പാനൽ സംവിധാനം ഇവിടെയും കൊണ്ടു വന്നിട്ടാണ് നമ്മൾ ഈ വർഷം ചെയ്തത്. ഓർഡർ നൽകുന്നതിനും പണം നൽകുന്നതിനുമുള്ള അധികാരം സ്കൂൾ സമിതികൾക്കാണ് നൽകിയിരിക്കു ന്നത്. ഗുണനിലവാരം ഉറപ്പുവരുത്തി പാനൽ ചെയ്ത കമ്പനികളിൽ നിന്ന

ല്ലാതെ പുറത്തുനിന്നും വാങ്ങുന്നതിനുള്ള അനുവാദവും സ്കൂളുകൾക്ക് നൽകിയിരുന്നു. ഈ നടപടിക്രമങ്ങളുടെ ഭാഗമായി വിതരണം പൂർത്തിയാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ജൂലൈ 15-ാം തീയതിയ്ക്കകം കംപ്ലീറ്റ് ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ വർഷം ഗവൺമെന്റ് സ്കൂളുകളിലെ 7.88 ലക്ഷം കുട്ടികൾക്ക് 31.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ പുതിയതായി എത്തുന്ന കുട്ടികൾക്കുൾപ്പെടെ യൂണിഫോം സ്കൂൾ മുഖേന നേരിട്ട് നൽകുന്നതിന് എസ്.ഡി.ജി. പാസ്സായി കഴിഞ്ഞാൽ ഉടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ലംപ്സം ഗ്രാന്റിന്റെ വിതരണം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖേനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ കാര്യങ്ങൾ തീർച്ചയായും അന്വേഷിക്കുന്നതാണ്. ഇത്രയും കാര്യങ്ങളാണ് പറയാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഒരു അടിയന്തര പ്രമേയത്തിന്റെ പ്രസക്തി ഇവിടെ ഇല്ല. അഡ്മിഷനും പാഠപുസ്തകം വിതരണം ചെയ്യുന്ന കാര്യത്തിലും കഴിഞ്ഞ രണ്ടു വർഷങ്ങളെ അപേക്ഷിച്ച് ചില ആഴ്ചകളുടെയും ദിവസങ്ങളുടെയും വ്യത്യാസമുണ്ടായി. പുതിയ പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടതിന്റെ ഭാഗമായി ഉണ്ടായ കാലതാമസമാണ് ഇതിനുകാരണം. പഴയ കാലങ്ങളെ അപേക്ഷിച്ച് വളരെ നേരത്തെ തന്നെയാണ് ഈ വർഷവും കാര്യങ്ങൾ നടന്നിട്ടുള്ളത്.

ശ്രീ. ഇ. കെ. വിജയൻ: സർ, അടിയന്തര പ്രമേയത്തിന്റെ നോട്ടീസിന് മറുപടിയായി മന്ത്രി ഇവിടെ സൂചിപ്പിച്ചത്, സാധാരണ നടക്കുന്ന നടപടികൾ ഈ വർഷവും തുടരുന്നു എന്നാണ്. അത് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. 1957-ലെ സർക്കാർ വന്നതിനെ തുടർന്നാണ് നമ്മുടെ

സംസ്ഥാനത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് ഒരു ചലനം ഉണ്ടായത്. പൊതു വിദ്യാഭ്യാസം ശക്തിപ്പെട്ടതും അദ്ധ്യാപകർക്ക് മാന്യമായ അംഗീകാരം ലഭിച്ചതും ആ സമയത്താണ്. മക്കളെ പഠിപ്പിക്കാനും വിദ്യയാണ് സർവ്വ ധനാൽ പ്രധാനം എന്ന തോന്നൽ ഉണ്ടായതും അതിനെ തുടർന്നാണ്. എന്നാൽ അതിനോടൊപ്പം വിദ്യാഭ്യാസം ഒരു കച്ചവടമാക്കാമെന്നും ഒരു ധനാഗമ മാർഗ്ഗമാണെന്നും കണ്ട് ജനകീയ വിദ്യാഭ്യാസത്തിന്റെ ശത്രുക്കൾ ഉറഞ്ഞുതുള്ളിയതും അപ്പോഴാണ്. ഇന്നും കച്ചവട കണ്ണോടെ വിദ്യാഭ്യാസ മേഖലയെ കാണുന്നതിന്റെ അനന്തര ഫലമാണ് ഇത്തരമൊരു അടിയന്തര പ്രമേയത്തിലൂടെ ഉന്നയിക്കുന്ന വിഷയങ്ങൾ. പ്ലസ്ടു ക്ലാസ്സുകൾ ആരംഭിച്ചു. പ്ലസ്വൺ ക്ലാസുകൾ മെനിഞ്ഞാന്നും ഇന്നലെയുമായി ആരംഭിച്ചിരിക്കുക യാണ്. അവർക്കുവേണ്ട പുസ്തകം ഇതുവരെയും വിതരണം ചെയ്തിട്ടില്ല. അത് വളരെ വേഗം കൊടുക്കും അമാന്തം വരില്ലായെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. 1 മുതൽ 10 വരെയുള്ള ക്ലാസുകളിലേയ്ക്കുള്ള പുസ്തകവും ലഭിച്ചിട്ടില്ല എന്ന് ജില്ലകൾ എടുത്ത് പരിശോധിച്ചാൽ നമുക്ക് ബോദ്ധ്യപ്പെടും. ഞാൻ എന്റെ ജില്ലയിൽ വിളിച്ച് അന്വേഷിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയുടേത് പത്രത്തിൽ ഇന്നലെയും വാർത്തകളായി വന്നിട്ടുണ്ട്. പരീക്ഷ കൾ തുടങ്ങാൻ പോകുകയാണ്. കോഴിക്കോട്, തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സുകളിലായി ഇരുപതിലേറെ ടൈറ്റിലുകളിലായി ഇപ്പോൾ പുസ്തകം അടിക്കാൻ തുടങ്ങിയിട്ടേയുള്ളൂ. അത് ആയിരത്തി അറുന്നൂറിലേറെ വരുന്ന വിദ്യാലയങ്ങളിൽ എത്തിക്കാൻ ഏറ്റവും ചുരുങ്ങിയത് രണ്ടു മാസമെങ്കിലും വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1 മുതൽ 10 വരെ ക്ലാസുകളിലെ പുസ്തകവിതരണം പൂർത്തിയാകാത്തതിന്റെയിടയ്ക്കാണ് ഹയർ സെക്കന്ററിതലത്തിൽ പുസ്തകവിതരണം ചെയ്യാത്ത അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷവും സംജാതമായിട്ടുള്ളത്. നമുക്ക് 8 സർക്കാർ പ്രസ്സുകളുള്ളതിൽ തിരുവനന്തപുരത്തേത് ആധുനിക പ്രസ്സാണ്. എന്നാൽ നമ്മുടെ സ്കൂൾ പാഠ്യപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നത് സ്വകാര്യപ്രസ്സുകളിലാണ്. ഇത് സ്വകാര്യമേഖലയ്ക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോപണങ്ങൾ, കമ്മീഷൻ ഉൾപ്പെടെയുണ്ടെന്ന പത്രവാർത്തകൾ വന്നിട്ടുണ്ട്. പാഠപുസ്തകം കിട്ടാതെ രക്ഷകർത്താക്കളും വിദ്യാർത്ഥികളും അമ്പരന്ന് നിൽക്കുകയാണ്. ഇത്രയും നിരുത്തരവാദിത്തം ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നതല്ലേ യാഥാർത്ഥ്യം. അൺ എയിഡഡ് സ്കൂൾ മാനേജുമെന്റുകൾക്കും ഗൈഡ് ലോബികൾക്കും സ്വകാര്യപ്രസ്സുകാർക്കും വഴങ്ങിക്കൊണ്ടാണ് ഈ വർഷവും ഇത്തരം പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത്. പുസ്തകങ്ങൾ വൈകിക്കുന്നത് ഗൈഡ് ലോബിക്ക് വേണ്ടിയാണെന്ന് പൊതുവായി ചർച്ചയുണ്ട്. ഈ മാസം എല്ലാ വിദ്യാലയങ്ങളിലേയും അദ്ധ്യാപകർ ഗൈഡുകൾ ഉപയോഗിച്ചാണ് പഠിപ്പിച്ചത്. ഈ ഗൈഡുകൾ വിദ്യാർത്ഥികളെക്കൊണ്ട് നിർബന്ധപൂർവ്വം വാങ്ങിപ്പിച്ച് പഠിപ്പിക്കുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിൽ സംജാതമായിട്ടുള്ളത്. അദ്ധ്യാപകരുടെ കയ്യിലും വിദ്യാർത്ഥികളുടെ കയ്യിലും ഗൈഡുകളാണുള്ളത്, പാഠപുസ്തകങ്ങളില്ല. വളരെ മോശം ന്യൂസ്പ്രിന്റ് ഉപയോഗിച്ചാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് എന്ന് ഇന്നലെ ഒരു ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു. 2011-ൽ വന്ന പേപ്പറിൽ ഷേഡ് വന്നിട്ടുണ്ടെന്നും പാഠപുസ്തകത്തിന്റെ അച്ചടിക്ക് ഉപയോഗിക്കുന്ന പേപ്പറിന്റെ ഗുണനിലവാരം കുറഞ്ഞു

വെന്നും മന്ത്രി ഇവിടെ സൂചിപ്പിച്ചു. തീർച്ചയായും എത്ര പരിതാപകരമായ അവസ്ഥയാണിത്. യുദ്ധഭൂമിയിൽ ആയുധമില്ലാതെ അടരാടാൻ കഴിയുമോ? വിദ്യാർത്ഥികൾക്ക് പാഠപുസ്തകമില്ലാതെ എങ്ങനെ പഠിക്കാൻ കഴിയും? കഴിഞ്ഞ ഒരു വർഷം പുസ്തകമില്ലാതെയാണ് കുട്ടികൾ ഫൈനൽ പരീക്ഷ പോലുമെഴുതിയത് എന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഇതിനൊരു അവസാനമുണ്ടാക്കണ്ടേ? കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഈ വർഷവും ഉച്ചഭക്ഷണം കിട്ടുമോ? വലിയ കുടിശ്ശികയാണ് ഓരോ മേഖലയിലും ഓരോ വിദ്യാലയവുമായി ബന്ധപ്പെട്ടുള്ളത്. പി.റ്റി.എ-യ്ക്കും ഹെഡ്മാസ്റ്റർമാർക്കും താങ്ങാൻ കഴിയാത്ത തരത്തിൽ ഇത് എത്തിയിരിക്കുകയാണ്. എൽ.ഡി.എഫ് ഭരണകാലത്ത് പൊതുവിദ്യാലയങ്ങൾക്ക് പുതുജീവൻ പകർന്നിരുന്നു. പാഠ പുസ്തകം മുതൽ യൂണിഫോം വരെ സൗജന്യമായി, പഠനനിലവാരം ഉയർത്താൻ പ്രത്യേക പദ്ധതികൾ വന്നു. സർക്കാർ മാറിയതോടൊപ്പം എല്ലാം തകിടം മറിഞ്ഞു. കഴിഞ്ഞവർഷം സർക്കാർ സ്കൂൾ മുറ്റത്തുപ്പോലും അൺ എയിഡഡ് വിദ്യാലയങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്ന സാഹചര്യ മുണ്ടായി. ഞാൻ ഇവിടെ സൂചിപ്പിച്ചത് കുട്ടികൾക്ക് ഭക്ഷണം കിട്ടാത്ത അവസ്ഥയാണ്. ഇത് കേരളമല്ലേ, പാവപ്പെട്ട കുട്ടികളോട് കാണിക്കുന്നത് ക്രൂരതയാണ്. സമഗ്ര പോഷകാഹാരക്കുറവ് പദ്ധതിക്ക് രൂപം നൽകിയത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരായിരുന്നു. പ്രഭാതഭക്ഷണം, പാൽ, മുട്ട തുടങ്ങിയ പോഷകാഹാരങ്ങളടങ്ങിയ ഉച്ചഭക്ഷണമുൾപ്പെടെയുള്ള പദ്ധതി കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിച്ചു. ആരോഗ്യസർവ്വേയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിക്ക് അന്ന് രൂപം നൽകിയത്. മിൽമ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയുമായി സർക്കാർ കരാർ ഉണ്ടാക്കി. കേന്ദ്രസർക്കാർ തരുന്ന പയർ, കടല, പലവ്യഞ്ജ

നങ്ങൾ എന്നിവയ്ക്ക് പുറമെ പാൽ, മുട്ട എന്നിവ വിതരണം ചെയ്തു. യു.ഡി.എഫ് സർക്കാർ തുടക്കത്തിലേ ഇത് അട്ടിമറിച്ചു. കേന്ദ്രം നൽകുന്ന അരി മാത്രമായി ഇത് പരിമിതപ്പെടുത്തി. കുട്ടികൾക്ക് അഞ്ചു മുതൽ ആറ് രൂപ വരെ നൽകി പാചകമുൾപ്പെടെയുള്ള എല്ലാ ചെലവുകളും അതിൽ നിർവ്വഹിക്കാൻ തീരുമാനിച്ച് ബാദ്ധ്യതകൾ മുഴുവൻ എച്ച്.എം-ന്റെയും പി.റ്റി.എ-യുടേയും തലയിൽ കെട്ടിവച്ചിരിക്കുകയാണ്. ഫലത്തിൽ പോഷകാഹാര പദ്ധതി തകരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പദ്ധതിയും നിർത്തി. 10-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ നൽകുന്ന ലഘുഭക്ഷണ പദ്ധതിയും ഇന്ന് ഫലത്തിൽ ഇല്ലാതായിരിക്കുന്നു. യൂണിഫോമിനെ സംബന്ധിച്ച് പല അംഗങ്ങളും ഈ സഭയിൽ ഉന്നയിച്ചതാണ്. കഴിഞ്ഞ വർഷം വിദ്യാർത്ഥികൾക്ക് സൗജന്യയൂണിഫോം വിതരണം ചെയ്തിരുന്നി ല്ലെന്ന് മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഫണ്ടിന്റെ അപര്യാപ്തതയല്ലെന്നാണ് മനസ്സിലാക്കുന്നത്. ഉച്ചഭക്ഷണവും യൂണിഫോമും കേന്ദ്രാവിഷ്കൃതപദ്ധതിക ളാണ്. സംസ്ഥാന സർക്കാരിന്റെ സൗജന്യമല്ല, ഇത് സുതാര്യമാക്കി നടത്താൻ എസ്.എം.സി.-യേയും പി.ടി.എ-യേയും ഏൽപ്പിച്ചാൽ ഇത് സുതാര്യമായി നടക്കും. അതിൽ നിന്ന് തലയൂരിയതിന്റെ അടിസ്ഥാനത്തി ലാണ് ഇന്ന് വിദ്യാർത്ഥികൾക്ക് യൂണിഫോം കിട്ടാത്ത സാഹചര്യമുണ്ടായത്. കച്ചവടകണ്ണോടെയാണ് ഇതൊക്കെ നോക്കിക്കാണുന്നത് എന്നതിന്റെ പരിണി തഫലമാണ് ഇത്തരമൊരു സാഹചര്യം കേരളത്തിൽ ഉണ്ടായത്. വമ്പൻമാരുടെ മക്കൾ വിഹരിക്കുകയാണ്. അവർക്ക് പഠിക്കാനും യാത്ര ചെയ്യാനുമുള്ള സൗകര്യമുണ്ട്. അവർക്ക് യൂണിഫോം ഉണ്ട്. അതേ സിലബസ്സിൽ പഠിക്കുന്ന കേരളത്തിലെ പാവപ്പെട്ട കുട്ടികളാണ് പ്രയാസ

മനുഭവിക്കുന്നത്. സർക്കാരിന്റെ താൽപ്പര്യം സ്വകാര്യമേഖലയോടാണ്. ലാഭനഷ്ടം കണക്കാക്കി നടത്തേണ്ടതല്ല വിദ്യാലയങ്ങൾ. 5137 വിദ്യാലയ ങ്ങൾ ആദായകരമല്ലെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ ഇത് പൂട്ടുമ്പോൾ പൊതുവിദ്യാലയത്തിനടുത്ത് അംഗീകാരമുള്ളതും അല്ലാത്തതു മായ സ്കൂളുകൾ തുറക്കാനുള്ള എല്ലാ പ്രോത്സാഹനവും യു.ഡി.എഫ് സർക്കാർ നൽകുന്നു. മൂന്ന് വർഷമായി 500 അൺ-എയിഡഡ് സി.ബി.എ സ്.സി സ്കൂളുകളും 2500 സ്റ്റേറ്റ് സിലബസ് അൺ-എയിഡഡ് സ്കൂളുകളും അംഗീകാരം നൽകിയെന്ന് കാണുമ്പോൾ ആദായകരമല്ലെന്നുപറയുന്നത് എങ്ങനെയാണ്. ഏപ്രിൽ 16-ന് എസ്.എസ്.എൽ.സി പരീക്ഷകഴിഞ്ഞു റിസൾട്ട് വന്നു. പതിനാല് ജില്ലകളിലായി എസ്.എസ്.എൽ.സി-ക്ക് പ്രശസ്ത വിജയം കരസ്ഥമാക്കിയ 2.68 ലക്ഷം പേർ പുറത്താണ്. രക്ഷിതാക്കൾ പരിഭ്രാന്തരാണ്. എവിടെ, എപ്പോൾ അഡ്മിഷൻ കിട്ടുമെന്ന് പറയാൻ കേരള ത്തിൽ ഉത്തരവാദപ്പെട്ട ഒരാളില്ല. ഇത് വിദ്യാർത്ഥികളുടെ ഭാവി ഇരുളടയുന്ന താക്കും. കേരളത്തിലെ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അക്ഷരാർത്ഥത്തിൽ ഭ്രാന്തെടുക്കുകയാണ്. സർക്കാർ എയിഡഡ് മേഖലയിൽ പ്രവേശനം ലഭിക്കാതെ വന്നാൽ പാരലൽ, അൺ-എയിഡഡ് വിദ്യാലയങ്ങ ളിൽ കോഴകൊടുത്ത് ചേരേണ്ടിവരുന്ന അവസ്ഥയാണുള്ളത്. സർക്കാരിന്റെ ലക്ഷ്യവും ഇതുതന്നെയാണ്. അവിടെ കോഴകൊടുത്ത് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക്, - സർക്കാർ വൈകി അനുവദിക്കുന്ന ബാച്ചിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു, അങ്ങനെ പ്രവേശിപ്പിക്കാൻ കഴിയില്ല. ഇത് അനീതി യാണ്. വിദ്യാഭ്യാസ രംഗത്തെ കച്ചവടമാണ് പ്ലസ് വൺ രംഗത്ത് അരങ്ങേ റുന്നത്. സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റിനും ഇത്രയും

ക്രൂരമായ സമീപനം കൈക്കൊള്ളാൻ കഴിയുമോ? വിദ്യാർത്ഥി സമൂഹ ത്തോടും രക്ഷകർത്താക്കളോടും മാപ്പ് പറയാൻ ഈ സർക്കാർ സന്നദ്ധമാവ ണം. എത്ര ക്രൂരമായ വിനോദമാണിത്. സർക്കാർ എയിഡഡ് വിദ്യാലയങ്ങ ളിൽ സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞിട്ട് മൂന്നുവർഷമായി. അദ്ധ്യാപകരില്ലാത്ത അവസ്ഥയാണ് വ്യാപകമായുള്ളത്. പരീക്ഷ അടുത്തു. ടീച്ചേഴ്സ് ബാങ്കിൽ നിന്നും നിയമനം നടക്കുന്നില്ല. സ്കൂൾ തുറന്ന് ഒരുമാസം കഴിഞ്ഞിട്ടും ദിവസവേതനത്തിന് നിയമനം നടത്തുവാൻപോലും അനുവാദം ലഭിക്കുന്നില്ല. ആർ.എം.എസ്.എ ടീച്ചർ പോസ്റ്റിംഗിൽ റഗുലർ ടീച്ചർമാരില്ല. അവിടെ കെട്ടിട ത്തിന്റെ അപര്യാപ്തതയുമുണ്ട്. രണ്ട് വർഷമായി ഹയർസെക്കന്ററി പ്രിൻസിപ്പൽ നിയമനം നടന്നിട്ടില്ല. പല വിദ്യാലങ്ങളിലും നാഥനില്ലാകളരി യാണ്. ഹൈസ്ക്കൂൾ–ഹയർസെക്കന്ററി മേഖലകളിൽ ട്രാൻസ്ഫർ നടക്കു ന്നില്ല. പരീക്ഷ അടുത്തിട്ടും മിക്ക സർക്കാർ വിദ്യാലയങ്ങളിലും അദ്ധ്യാപക രില്ല. ഇത് ആരെ സഹായിക്കാനാണ്? ദിവസവേതനത്തിന് നിയമനം നിർത്തി വച്ചിരിക്കുന്നു. ഇത് പി.റ്റി.എ. കൈകാര്യം ചെയ്യണമെന്നാണ് പറയുന്നത്. എത്ര പി.റ്റി.എ–കൾക്ക് ഇതിനുള്ള സാമ്പത്തികശേഷിയുണ്ട്. കേന്ദ്ര പദ്ധതി യായ കിച്ചൺ സ്റ്റോർ പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കോടി ക്കണക്കിന് രൂപയാണ് കേരളത്തിന് നഷ്ടപ്പെടുന്നത്. സാമൂഹ്യനീതിയുടെ ഭാഗമായി നമ്മുടെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട അവകാശമാണ് ലംപ്സംഗ്രാന്റ്, അത് ആരുടേയും ഔദാര്യമല്ല. കഴിഞ്ഞവർഷം ലംപ്സം ഗ്രാന്റ് നൽകിയിട്ടില്ല. ഈ വർഷവും ആ രീതിയിൽതന്നെ പോകുന്ന കാഴ്ചയാണ് കാണുന്നത്. ഇതിന് പരിഹാരമുണ്ടാക്കണം. ക്രൂരമായ വിനോദ മാണ് ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചെയ്യുന്നത്. വളരെ പ്രധാനപ്പെട്ട വിഷയമാണ് ടൈംടേബിൾ മാറ്റം. ഉച്ചഭക്ഷണത്തിന് അരമണിക്കൂർ സമയം,

രാവിലേയും വൈകുന്നേരം അഞ്ച് മിനിറ്റ് വീതം, ഇടവേള മാറ്റിവച്ചാൽ തുടർച്ചയായി വ്യത്യസ്ഥ വിഷയങ്ങളിൽ 10 പിരീഡുകളിൽ ഉള്ളടക്കം ഗ്രഹിക്കുവാൻ കുട്ടികൾക്ക് കഴിയുമോ? ഇവർ മനുഷ്യരല്ലേ? അവരെ പഠിപ്പി ക്കുന്ന അദ്ധ്യാപകന് അത്രയും നേരം ക്ലാസ്സെടുക്കാൻ കഴിയുമോ? ആരോടു ചോദിച്ചിട്ടാണ് ഇത്തരം മാറ്റങ്ങൾ വരുത്തുന്നത്. ഇത്തരം തുഗ്ലക് പരിഷ്ക്കാര ങ്ങൾ നടപ്പിലാക്കുമ്പോൾ വിദ്യാർത്ഥികളോടോ, അദ്ധ്യാപകരോടോ, വിദ്യാഭ്യാസ വിചക്ഷണന്മാരോടോ ഒരാലോചന നടത്തേണ്ടതല്ലേ; അവിടെ പഠിക്കുന്നത് സാധാരണ പിഞ്ചുകുഞ്ഞുങ്ങളല്ല, മുതിർന്ന പെൺകുട്ടികളാണ്. അഞ്ചുമിനിറ്റുകൊണ്ട് ഇത്രയേറെ മക്കൾക്ക് ബാത്തുറൂമിൽപ്പോയി മൂത്ര മൊഴിച്ച് തിരിച്ചുവരാൻ കഴിയുമോ? ഇത് ഗൗരവപൂർവ്വം ആലോചിക്കേണ്ട തല്ലേ? മാത്രമല്ല, മുതിർന്ന വിദ്യാർത്ഥിനികളാകുമ്പോൾ അവർക്ക് അതിനുള്ള സൗകര്യങ്ങളൊരുക്കിക്കൊടുക്കാനുള്ള ബാദ്ധ്യത ഈ പരിഷ്കൃത സമൂഹ ത്തിനില്ലേ? തീർച്ചയായും ഏറെ പ്രതിഷേധാർഹമായ സമീപനമാണ് ഇതിനു പിന്നിലുള്ളത്. അവിടെ പ്രിൻസിപ്പൽമാർ എല്ലാ ജോലിയും ചെയ്യണം. ശനി യാഴ്ചദിവസം പ്രവൃത്തിദിനമെന്നുള്ളത് മാറ്റിയിരിക്കുകയാണ്. ശനിയാഴ്ച യിലും പ്രിൻസിപ്പൽ അവിടെ ജോലിചെയ്യണം. അവിടെ പ്യൂണില്ല, അവിടെ ക്ലർക്കില്ല, എല്ലാ ജോലിയും ചെയ്യണമെന്ന് മാത്രമല്ല അവർ പഠിപ്പിക്കുകയും ചെയ്യണം. ഇത്രയേറെ അമിതഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. തീർച്ച യായും ഈ തുഗ്ലക് പരിഷ്ക്കരണം നമുക്ക് ഭൂഷണമല്ല. അതിനൊരുമാറ്റ മുണ്ടാക്കിയെടുക്കാൻ സംവിധാനമുണ്ടാക്കണം. അതീവഗുരുതരമായ പ്രശ്ന മാണ് അവിടെയുള്ളത്. പൊതുവിദ്യാലയങ്ങളെ തകർക്കാൻവേണ്ടിയാണ് ഇത്തരം സമീപനങ്ങളിലേയ്ക്ക് വരുന്നത്. ഞാൻ ഈ പരിശുദ്ധ റംസാൻ മാസത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്, മഹാനായ നബി,

വിദ്യ അഭ്യസിക്കേണ്ടതിന്റെ ബാദ്ധ്യതയെക്കുറിച്ചും അതിന്റെ ഗൗരവത്തെക്കുറിച്ചും പറഞ്ഞത് വേണ്ടിവന്നാൽ ചൈനയിൽപ്പോയി പഠിക്കണമെന്നാണ്. അന്ന് ചൈന എന്നുപറയുന്നത് നോക്കിക്കാണാൻ കഴിയാത്തതരത്തിലാണ്. മാവോസേതൂങ്ങ് മുസ്ലീംമാണോ അല്ലെങ്കിൽ അങ്ങനെയൊരു ഭരണം വരുമെന്നോ നബി അന്ന് കണ്ടിരുന്നില്ല. പക്ഷേ വർഷങ്ങൾക്കുശേഷം ഇന്ന് ചൈന മാറിയതിനെക്കുറിച്ച് സൂചിപ്പിക്കുന്നു. അന്ന് ചൈനയിൽപ്പോയി പഠിക്കണമെന്നുപറഞ്ഞാൽ, തലമുറ വിദ്യാഭ്യാസം വേണമെന്ന് ആഗ്രഹിക്കണം എന്നതാണ് നബി വചനം ഓർമ്മിപ്പിക്കുന്നത്. ഈ പരിശുദ്ധ റംസാൻ മാസത്തിൽ ഇതിന്റെ ഉള്ളടക്കം ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗൗരവപൂർവ്വം ഈ പ്രശ്നത്തെ കാണണം. അതുകൊണ്ടുതന്നെ തുറന്ന മനസ്സോടെ ഈ പ്രശ്നങ്ങളെ ഗൗരവപൂർവ്വം കണ്ടുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് നാടിന്റെ പ്രശ്നമാണ്, ഈ സമൂഹത്തിന്റെ ഭാവിയുടെ പ്രശ്നമാണ്. ആ നിലയ്ക്ക് ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി അവസരമുണ്ടാക്കുമെന്ന് പ്രതീക്ഷയോടുകൂടി ഞാൻ ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഞാൻ നേരത്തേ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ശ്രീ. ഇ.കെ. വിജയൻ ഇവിടെ സൂചിപ്പിച്ചത്. ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് അതിന്റെ കൂടെ പറയാനുള്ളത്. സ്വകാര്യലോബിക്ക് ഗവൺമെന്റ് വഴങ്ങുന്ന പ്രശ്നമില്ല. കാരണം സ്വകാര്യ ലോബിയല്ല പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റ് പേപ്പർ വാങ്ങിക്കൊടുത്ത് കെ.ബി.പി.എസ്. ആണ്

പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നത്. അതാണ് സ്കൂളുകളിൽ വിതരണം നടത്തുന്നത്. ഹയർ സെക്കണ്ടറി പുസ്തകങ്ങൾ അച്ചടിക്കുന്നത് C-APT ആണ്. വിദ്യാഭ്യാസ വകുപ്പിന്റെ തന്നെ കീഴിലുള്ള ...(ബഹളം) ......ഞാൻ പറയട്ടെ...

<u>മി. സ്പീക്കർ:</u> പതിവിന് വിപരീതമായി വളരെയധികം സമയമെടുത്തു കൊണ്ട് വളരെ സൗമ്യനായ ശ്രീ. ഇ. കെ. വിജയൻ അദ്ദേഹത്തിന്റെ ശബ്ദ ത്തിലും ഭാഷയിലും സംസാരിച്ചുകഴിഞ്ഞു. ഇതെല്ലാം മന്ത്രി കേട്ടുകൊണ്ടിരു ന്നു. മറുപടി പറയാൻ മന്ത്രി എഴുന്നേൽക്കുമ്പോൾ... ഇതൊന്നും ശരിയല്ല. It is not fair...അതൊന്നും വേണ്ട. അദ്ദേഹം മറുപടി പറയണ്ടേ.. പ്ലീസ്..പ്ലീസ്..

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്:</u> സർ, പാഠപുസ്തകങ്ങളുടെ വിതരണം സംബന്ധിച്ച് ഞാൻ പറഞ്ഞു. അടിയന്തരപ്രമേയത്തിൽ പരാമർശിച്ചില്ലായെ ങ്കിൽപ്പോലും സ്കൂളുകളുടെ കാര്യം ഞാൻ പറഞ്ഞു. ഒന്നാംഘട്ടത്തിലേ ക്കുള്ള മുഴുവൻ പുസ്തകങ്ങളും വിതരണം ചെയ്തുകഴിഞ്ഞു. അവിടവിടെ ചില പ്രശ്നങ്ങൾ ഉണ്ട്. ബാക്കിയുള്ളവ ഈ 30-ാം തീയതിക്കകം പൂർത്തി യാക്കുകയാണ്. പ്ലസ് വൺ പുസ്തകത്തിന്റെ കാര്യം ഞാൻ പറഞ്ഞു. ഇതിനകം തന്നെ 6,52,504 പുസ്തകങ്ങൾ വിതരണം ചെയ്തു. ഒന്നരലക്ഷ ത്തിന്റെ വിതരണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ബാക്കി നാലുലക്ഷ ത്തിന്റെ വിതരണം 20-ാം തീയതിക്കുള്ളിൽ തീരും. അതാണ് ഞാൻ നേരത്തെ പറഞ്ഞത്. പ്ലസ് ടുവിന്റെ പുസ്തകവും ഏകദേശം 90 ശതമാന ത്തിലധികം പൂർത്തിയായിട്ടുണ്ട്. എവിടെയെങ്കിലുമൊക്കെ ഏതെങ്കിലും ടൈറ്റിലുകൾ കിട്ടാത്തത് പെരുപ്പിച്ചുകാണിച്ചുകൊണ്ട് പാഠപുസ്തകം ലഭിച്ചി

ട്ടില്ല എന്ന രീതിയിലുള്ള ആക്ഷേപമാണ് ഇവിടെ വരുന്നത്. മാത്രമല്ല, ..........(ബഹളം)........

മി. സ്പീക്കർ: താങ്കൾക്ക് പറയാനുള്ളത് പറയുക.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, എനിക്ക് ലഭിച്ചിട്ടുള്ള കണക്കുകൾ വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. അത് തെറ്റാണെങ്കിൽ ബോദ്ധ്യപ്പെടു ത്താം. ആവശ്യമായ നടപടികൾ സ്വീകരിക്കാം. ....(ബഹളം)......അങ്ങനെ പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ രണ്ടുവർഷം വളരെ കൃത്യമായി സ്കൂൾ തുറക്കുന്ന സമയത്തുതന്നെ പുസ്തകങ്ങൾ കൊടുത്തു. അതുകൊണ്ടാണ് ഇപ്പോൾ ഒരുമാസം താമസിച്ചപ്പോൾ വലിയ പരാതികൾ വന്നത്. അതേയവ സരത്തിൽ ഇവിടെ നവംബറിലും ഡിസംബറിലുമൊക്കെ പാഠപുസ്തകങ്ങൾ വിതരണം ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. പാഠപുസ്തകം തീരെ ലഭിക്കാതെ ഫോട്ടോസ്റ്റാറ്റ് എടുത്ത് കുട്ടികൾ പഠിച്ചിരുന്ന കാലമുണ്ടായി രുന്നു. ആ ഒരു സ്ഥിതി ഇന്നില്ല. മാത്രമല്ല, ജൂലൈ 31-ാം തീയതിക്കകം സ്കൂൾ തലത്തിലും ഹയർ സെക്കണ്ടറി തലത്തിലുമുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് താമസം വന്നുവെന്നുള്ള കാര്യം ഞാൻ പറഞ്ഞു. പ്ലസ്ടു സീറ്റിന്റെ കാര്യ ത്തിൽ അൺ എയ്ഡഡ് മേഖലയെ സംരക്ഷിക്കുന്നുവെന്ന് പറയുന്നു. അൺ എയ്ഡഡ് മേഖലയെ സംരക്ഷിക്കുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷ മാണ് പ്ലസ്വൺ-ന് ഏറ്റവും കൂടുതൽ ബാച്ചുകൾ അനുവദിച്ചത്. ഗവൺമെന്റ് വന്ന കൊല്ലം തന്നെ 550 പുതിയ ബാച്ചുകൾ അനുവദിച്ചു. അതുകഴിഞ്ഞ് ഗവൺമെന്റ് സ്കൂളുകളിൽ 32 ബാച്ച് അനുവദിച്ചു. ഇപ്പോൾ വീണ്ടും പുതിയ

സ്കൂളുകളും ബാച്ചുകളും കൊടുക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. 3,27,000 സീറ്റുകളാണിപ്പോൾ ഉള്ളത്. ഈ പ്രാവശ്യം വർദ്ധിപ്പിച്ച 20 ശതമാനമടക്കം 3,92,000 സീറ്റുണ്ട്. ആകെയുള്ള ആപ്ലിക്കന്റ്സ് 4,87,000 ആണ്. ഒരു ലക്ഷത്തോളം കുട്ടികളുടെ സീറ്റിന്റെ ഒഴിവുണ്ട്. അതുമാത്രമല്ല, ഇതുവരെ നടന്ന അഡ്മിഷന്റെ കണക്ക് എടുത്താലും ഒഴിഞ്ഞുകിടക്കുന്ന മേഖല അൺ എയ്ഡഡ് മേഖലയിലാണ്. ഗവൺമെന്റ് സീറ്റുകളും എയ്ഡഡ് മേഖലയിലെ സീറ്റുകളും ഈ രണ്ട് അലോട്ട്മെന്റ് അനുസരിച്ച് മുഴുവനായും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അൺ എയ്ഡഡ് മേഖലയെ ഗവൺമെന്റ് സംരക്ഷിക്കുന്നു എന്നുള്ള രീതിയിലുള്ള ഒരു പരാമർശവും ശരിയല്ല. ഗവൺമെന്റ് അതിന് കൂട്ടുനിൽക്കുന്നില്ല. കഴിഞ്ഞ രണ്ടുവർഷത്തെ കണക്ക് എടുത്തുനോക്കിയാലും അൺ എയ്ഡഡ് സ്കൂളുകളിലെ സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നത് എന്ന് വളരെ വ്യക്തമായി കാണാൻ കഴിയും. അത് പെരുപ്പിച്ച് കാട്ടി പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നുള്ള രീതിയിലുള്ള പ്രചരണമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്.

.....(ബഹളം)……..

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ഇ. കെ. വിജയൻ സംസാരിക്കുമ്പോൾ ഹയർ സെക്കണ്ടറി മേഖലയിൽ വന്ന ടൈം ടേബിൾ മാറ്റം സംബന്ധിച്ച് എല്ലാ സ്ഥലത്തും പ്രശ്നമാണ്. പ്രത്യേകിച്ച് സ്കൂളുകളിൽ ആവശ്യത്തിന് മൂത്രപ്പുരയില്ല. രണ്ടോ മൂന്നോ മൂത്രപ്പുരകളാണുള്ളത്. മിക്ക സ്കൂളിന്റെയും അവസ്ഥ ഇതാണ്. ആ സമയത്തിനുള്ളിൽ കുട്ടികൾക്ക് മലമൂത്ര വിസർജ്ജനം നടത്തി വരാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് അങ്ങേയറ്റം അരാചകത്വമാണുള്ളത്. ഇത് എങ്ങനെ

ഈ മാറ്റം വരുത്തി, ആര് പറഞ്ഞിട്ട് മാറ്റം വരുത്തി, എന്ത് പഠനത്തിന്റെയടിസ്ഥാനത്തിലാണ് ഈ മാറ്റം വരുത്തിയത് എന്നതിനെ സംബന്ധിച്ച് ഒന്നും ഇവിടെ പറഞ്ഞിട്ടില്ല. അത് ഗൗരവതരമായ പ്രശ്നമാണത്. ഒരു സ്കൂളുകളിലും ഇപ്പോൾ കാര്യങ്ങൾ നടക്കുന്നില്ല. എങ്ങനെ കുട്ടികൾ അവിടെ കാര്യങ്ങൾ ചെയ്യും? മിക്ക സ്കൂളുകളിലും പശ്ചാത്തലസൗകര്യമില്ല. ഇത് ചെയ്തുകൊടുക്കണമെന്ന് ഹൈക്കോടതി തന്നെ പറഞ്ഞതാണ്. ചെയ്യാൻ നമുക്ക് കഴിഞ്ഞില്ല. അത് ചെയ്യാതെ മാറ്റംകൊണ്ടുവന്നതിന്റെ പ്രശ്നമാണ് ഇപ്പോൾ സ്കൂളുകളിലുള്ളത്. അതിനെപ്പറ്റി മന്ത്രി പ്രതികരിക്കണം.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, നേരത്തേ അത് ഞാൻ പറഞ്ഞു. പ്രൊഫ. പി.ഒ.ജെ. ലബ്ബ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ ശുപാർശയും ആ ശുപാർശയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക സംഘടനകളുമായി ഒക്കെ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. ഗവൺമെന്റ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് സ്കൂളുകളിൽ 99 ശതമാനം സ്കൂളുകളിലും ആവശ്യത്തിനുള്ള ടോയ്ലെറ്റുകളുണ്ട്. എയ്ഡഡ് സ്കൂളുകളിൽ അതിന് കുറവുകളുണ്ട്. പുതിയതായി.. ..........(ബഹളം)........

മി. സ്പീക്കർ: യെസ്...പ്ലീസ്...മിനിസ്റ്റർ മറുപടി പറയട്ടെ.

ശ്രീ. സി. ദിവാകരൻ: സർ, ആരുടെ ശുപാർശയാണെങ്കിലും ഈ വിദ്യാഭ്യാസരംഗത്ത് ഏറ്റവും മ്ലേച്ഛമായ, അനാരോഗ്യകരമായ ഒരു പരിഷ്കരണമാണ് ഇത്. കുട്ടികളെ മൃഗതുല്യമായി കണക്കാക്കുന്ന ആ ടൈം ടേബിൾ അങ്ങ് പിൻവലിക്കണം. ദുരഭിമാനം എന്തിനാണ്? അത് പിൻവലിച്ച് പരിശോധിക്കണം.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കൊണ്ടുവന്നത്. ..........(ബഹളം)........എനിക്ക് പറയാൻ പറ്റിയില്ലായെങ്കിൽ, നിങ്ങൾ മാത്രം പറഞ്ഞാൽ മതിയോ?

മി. സ്പീക്കർ: മിനിസ്റ്ററിന് പറയാനുള്ളത് പറയണ്ടേ? അദ്ദേഹം പറയാനുള്ളത് പറയട്ടെ. അത് പറയാൻ സമ്മതിക്കാതിരുന്നാൽ എങ്ങനെയാണ്? അത് ശരിയല്ല. നിങ്ങൾക്കെല്ലാവർക്കും വിദ്യാഭ്യാസവകുപ്പിന്റെ എല്ലാ വിഷയങ്ങളും അിറയാം. സഭയ്ക്ക് അത് ബോദ്ധ്യമായി. പക്ഷേ അദ്ദേഹം സംസാരിക്കട്ടെ. യെസ്.........യെസ്. ..........(ബഹളം)........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ ശ്രീ. ഇ.കെ. വിജയൻ മൂന്ന് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഒന്ന്, ടൈംടേബിൾ വ്യത്യാസപ്പെടുത്തിയതിനെ തുടർന്നുള്ള പ്രശ്നം, രണ്ട്, അഡ്മിഷൻ എല്ലാവർക്കും കിട്ടിയിട്ടില്ലാത്ത പ്രശ്നം, മൂന്ന്, പാഠപുസ്തകങ്ങളെക്കുറിച്ചുള്ള പ്രശ്നം. ഇവിടെ മന്ത്രി പറഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മൂന്ന് കാര്യങ്ങൾ അല്ല. കുട്ടികൾക്ക് മൂത്രം ഒഴിക്കുന്നതിനുള്ള സൗകര്യത്തെക്കുറിച്ചും പറഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഞാൻ അതാണ് പറഞ്ഞത്. ഞാൻ കുറച്ചുകൂടെ പൊതിഞ്ഞു പറഞ്ഞു എന്നുള്ളതേയുള്ളൂ. ടൈം ടേബിളിൽ വരുത്തിയ മാറ്റം എന്നുപറഞ്ഞത് അതുതന്നെ ഉദ്ദേശിച്ചുകൊണ്ടാണ്. അത് ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ കിട്ടിയ ശുപാർശയുടെ ഭാഗമായി നടപ്പിലാക്കിയ കാര്യമാണ്. പക്ഷേ അതിനകത്ത് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ട് എന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്.

അത് പരിശോധിക്കും. ആവശ്യമെങ്കിൽ മാറ്റം വരുത്തും. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും അതിനാവശ്യമുള്ള കാര്യങ്ങളെക്കുറിച്ചും പഠിച്ച് നൽകിയ റിപ്പോർട്ടാണ്. ആ റിപ്പോർട്ട് നമ്മുടെ അടിസ്ഥാന സൗകര്യങ്ങളുമായി ചേരാതെ വരുന്ന ഒരു പ്രത്യേകതയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. നിശ്ചയമായും അത് പരിശോധിക്കും. അതിനകത്ത് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ആവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തും.

വിദ്യാർത്ഥികളുടെ അഡ്മിഷനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഈ വർഷം സീറ്റുകളുടെ ഷോർട്ടേജ് പരിഹരിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടി വ്യക്തമായ പരിപാടികൾ നേരത്തെതന്നെ ആവിഷ്കരിച്ചിരുന്നു. പക്ഷെ, കോടതിയുടെ ഒരു ഇടപെടൽ വന്നു. നയപരമായ തീരുമാനത്തിൽ ഒരു വ്യത്യാസവുമില്ലാത്ത വിധത്തിൽ, ഹയർ സെക്കൻഡറി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് പരിഗണന കൊടുക്കണമെന്ന തീരുമാനമെടുത്തു, അതനുസരിച്ചുള്ള കാര്യങ്ങളൊക്കെ നടത്തി. അങ്ങനെ വന്നപ്പോൾ, ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ കൂടുതൽ കോട്ടയം മുതൽ തെക്കോട്ടുള്ള പ്രദേശത്താണ്. അതായത് എറണാകുളം മുതൽ വടക്കോട്ടുള്ള 148 സ്കൂളുകളിൽ 28 സ്കൂളുകളിൽ മാത്രമേ ഹയർസെക്കൻഡറിയുള്ളൂ. അഡ്മിഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട് ഏറ്റവും കൂടുതൽ വന്നിരിക്കുന്നത് എറണാകുളം മുതൽ വടക്കോട്ടുള്ള പ്രദേശങ്ങളിലാണ്. അതുകൊണ്ട് ഞങ്ങൾ ആ തീരുമാനത്തിൽ ഒരു മാറ്റം വരുത്തി. അടുത്ത വർഷം എല്ലാ സ്കൂളുകൾക്കും കൊടുക്കുന്ന നയം കൊണ്ടുവരാമെന്നും ഈ വർഷം നീഡ് ബേസ്ഡായി ഒരു മാറ്റം വരുത്താമെന്നും തീരുമാ

നിച്ചു. പക്ഷെ ചില സ്കൂൾ മാനേജ്മെന്റുകൾ കോടതിയിൽ കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഈ തീരുമാനത്തിന് കഴിഞ്ഞ ദിവസം സ്റ്റേ ഉണ്ടാവുകയും ചെയ്തു. അതുകൊണ്ട് അവർ ഗവൺമെന്റിന്റെ രണ്ടാമത്തെ തീരുമാനം അംഗീകരിക്കാത്ത നിലപാടെടുത്തു. അപ്പോൾ ചില പ്രശ്നങ്ങളുണ്ടായി. അതുകൊണ്ട്, എല്ലാ വർഷവും കൊടുത്തുകൊണ്ടിരുന്നതുപോലെ തന്നെ 20 ശതമാനം സീറ്റുകൾ ഈ വർഷവും നൽകാൻ ഇന്നലെ രാവിലെ തന്നെ ഉത്തരവിറക്കി. കൂടുതൽ ബാച്ചുകളും സ്കൂളുകളും കൊടുക്കുന്ന സാഹചര്യത്തിൽ ഈ വർഷം 20 ശതമാനം വേണ്ടിവരില്ല എന്നാണ് ധരിച്ചിരുന്നത്. കാരണം 50 കുട്ടികളാണ് ഒരു ക്ലാസ്സിൽ പഠിക്കേണ്ടതെന്നാണ് ശുപാർശ. അതിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം സീറ്റുകൾ അനുവദിച്ചില്ല. എന്നാൽ പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കാൻ പറ്റില്ലായെന്ന് കണ്ടപ്പോൾ, ഇന്നലെ രാവിലെ തന്നെ ഉത്തരവ് ഇറക്കുകയും എല്ലാ സ്ഥലത്തേയ്ക്കും നിർദ്ദേശം നൽകുകയും ചെയ്തു. അതിനുപുറമെ, ഈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇന്നലെ സ്പെഷ്യൽ ക്യാബിനറ്റ് കൂടി. പ്ലസ് വൺ ക്ലാസ്സിൽ പോകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കെല്ലാം അഡ്മിഷൻ കൊടുക്കുന്നതിനാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. മുമ്പ്, എസ്.എസ്.എൽ.സി. കഴിഞ്ഞാണ് കുട്ടികൾ പല മേഖലകളിലേയ്ക്ക് പോകുന്നത്. ഇപ്പോൾ എല്ലാ കോഴ്സുകളുടേയും അടിസ്ഥാന യോഗ്യത പ്ലസ്ടു പാസ്സാകണമെന്നുള്ളതാണ്. അതുകൊണ്ട് പ്ലസ് വൺ അഡ്മിഷൻ ഒരു വിദ്യാർത്ഥിയുടെ അവകാശമാണ്. അതിനുപറ്റുന്ന രീതിയിലുള്ള കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ ഇന്നലെ ആലോചിച്ചു. ഇന്നലെ വന്ന നിർദ്ദേശങ്ങൾ ഇന്ന് വീണ്ടും ക്യാബിനറ്റ് ചേർന്ന് ഒന്നുകൂടി ചർച്ച ചെയ്തതിനുശേഷം തീരു

മാനമെടുക്കും. അതോടുകൂടി പ്ലസ്ടു അഡ്മിഷനുള്ള ഷോർട്ടേജ് എന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും.

പാഠപുസ്തകത്തിന്റെ കാര്യം ഇന്നലെ പത്രത്തിൽ വന്നപ്പോൾത്തന്നെ അതിനെക്കുറിച്ച് ചർച്ച ചെയ്തു. 90 ശതമാനം പാഠപുസ്തകങ്ങളും ഡിസ്ട്രി ബ്യൂട്ട് ചെയ്ത് കഴിഞ്ഞിരിക്കുകയാണ്. ഒരു ലക്ഷത്തിലേറെ പാഠപുസ്തക ങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് ഇപ്പോൾത്തന്നെ മന്ത്രി പറഞ്ഞു. ഏറ്റവും വേഗത്തിൽ അതിന്റെ വിതരണം പൂർത്തിയാക്കും. പാഠ പുസ്തകം യഥാസമയംതന്നെ വിദ്യാർത്ഥികൾക്ക് കിട്ടുന്നതിനുള്ള നടപടി കൾ എടുക്കും. ആ കാര്യത്തിൽ ഒരു വീഴ്ചയും ഉണ്ടാകില്ല. ഇന്നലെയാണ് ക്ലാസ്സ് തുടങ്ങിയത്. ഒരു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും പാഠപുസ്തകം കിട്ടി യില്ലെന്ന് വിമർശിക്കുന്നവർ, മൂന്നാം ടേമിലെ പരീക്ഷയ്ക്കും ഫോട്ടോസ്റ്റാറ്റ് എടുത്ത് പഠിച്ച വിദ്യാർത്ഥികളുണ്ടായിരുന്ന സംസ്ഥാനമാണ് കേരളം എന്നത് മറക്കരുത്. അതുകൊണ്ട് ഞങ്ങൾ പാഠപുസ്തകം നൽകുന്നത് താമസിപ്പിക്കു മെന്ന് ഒരിക്കലും പറയില്ല. ഇന്നലെ ക്ലാസ്സ് തുടങ്ങിയപ്പോൾ തൊണ്ണൂറ് ശത മാനം പാഠപുസ്തകവും വിതരണം ചെയ്തിരുന്നു. ബാക്കിയുള്ളവയുടെ വിതരണവും ഏറ്റവും വേഗത്തിൽ പൂർത്തിയാക്കുമെന്ന് പറയാൻ ആഗ്രഹി ക്കുകയാണ്. ഈ അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് അഭിപ്രായം.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

<u>പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> സർ, വിദ്യാഭ്യാസ മേഖലയുടെ എല്ലാ തലങ്ങളിലും അരാജകത്വം കൊടികുത്തിവാഴുന്നതിനെപ്പറ്റി പലതവണ ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. യു.ഡി.എഫ്. ന്റെ ഏത് ഭരണകാലത്തും വിദ്യാഭ്യാസമേഖല കുത്തഴിഞ്ഞ രീതിയിലാണുള്ളതെന്ന് ഏവർക്കും അറിയാവുന്നതാണ്. ഇത്തവണ അത് അക്ഷരാർത്ഥത്തിൽ കുട്ടിച്ചോറാക്കിയിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും പ്രൊഫഷണൽ വിദ്യാഭ്യാസവുമൊക്കെ ഇങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്. പാഠപുസ്തക വിതരണം, സ്കൂൾ യൂണിഫോം വിതരണം എന്നിവ കഴിഞ്ഞ വർഷത്തെപ്പോലെ ഇത്തവണയും അലങ്കോലമാക്കിയതിന്റെ ക്രെഡിറ്റ് ഈ ഗവൺമെന്റിനും മന്ത്രിസഭയ്ക്കും ആണ്. സർവ്വകലാശാലാ തലത്തിൽ അഴിമതിക്കാരെയും യോഗ്യതയില്ലാത്തവരെയും പ്രതിഷ്ഠിച്ച് ചരിത്രത്തിൽ സ്ഥാനം നേടിയതും ഈ മന്ത്രിയും സർക്കാരുമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സ്വാശ്രയ വിദ്യാഭ്യാസ കച്ചവടക്കാർക്ക് എങ്ങനെയും മേഞ്ഞ് നടക്കാൻ അവസരമൊരുക്കിയതിന്റെ ഉത്തരവാദിത്വവും ഈ സർക്കാരിനാണ്. ഈ സർക്കാർ തന്നെയാണ് ഇപ്പോൾ പ്ലസ് വൺ പ്രവേശനമാകെ കുളംതോണ്ടിയിട്ടുള്ളത്. ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് ഹയർ സെക്കൻഡറി പഠനം മുടങ്ങുന്ന സ്ഥിതിയിൽ അകപ്പെട്ടിരിക്കുന്നത്. രണ്ടര ലക്ഷത്തിലേറെ കുട്ടികൾ പ്രവേശനം ലഭിക്കാതെ നിൽക്കുമ്പോഴും സർക്കാർ പറയുന്നത് ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണ്. ഇത് പ്രാവർത്തികമായാലും പരമാവധി 30,000 പേർക്കുകൂടി മാത്രമേ പ്രവേശനം ലഭിക്കൂ. അങ്ങനെ വന്നാലും ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് പുറത്ത് നിൽക്കേണ്ടിവരുന്നത്. ഇവരുടെ ഭാവി എങ്ങനെയാകുമെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ;

എത്ര നിരുത്തരവാദപരമായ നിലപാടാണിത്. സർക്കാരിന്റെ തലതിരിഞ്ഞ നടപടികൾക്ക് മറ്റൊരു ഉദാഹരണമാണ് ഹയർ സെക്കൻഡറി സ്കൂളുകളുടെ പഠനക്രമം മാറ്റിയത്. നേരത്തെ ആറ് ദിവസം ക്ലാസ് ഉണ്ടായിരുന്നത് ഇപ്പോൾ അഞ്ച് ദിവസമായി ചുരുക്കി. ഇതുമൂലം ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ ഒരു ദിവസം അരമണിക്കൂർ തുടർച്ചയായി ക്ലാസ്സുകളിൽ ഇരിക്കേണ്ടി വരികയാണ്. ഉച്ചസമയത്ത് 35 മിനിട്ട് മാത്രമാണ് ഇടവേള ലഭിക്കുന്നത്. വെള്ളിയാഴ്ച മാത്രമാണ് ഒന്നര മണിക്കൂർ കിട്ടുന്നത്. രാവിലെയും ഉച്ചയ്ക്ക്ശേഷവും അഞ്ച് മിനിട്ട് വീതമാണ് ഇടവേള ലഭിക്കുന്നത്. ഈ ഇടവേളയ്ക്കിടയിൽ കുട്ടികൾക്ക് മൂത്രപ്പുരയിൽപ്പോകുന്നതിനുപോലും സമയം ലഭിക്കുമോ; ആയിരമോ രണ്ടായിരമോ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അഞ്ചോ പത്തോ മൂത്രപ്പുരകളായിരിക്കും ഉണ്ടാകുക. അഞ്ച് മിനിട്ടിന്റെ ഇടവേളയിൽ ഇത് എങ്ങനെയാണ് നിർവ്വഹിക്കാനാകുക. ഇത് മാത്രമാണോ; കുട്ടികൾക്ക് പരസ്പരം സംസാരിക്കാനോ ഇടപെടാനോ ഉള്ള അസവരം പോലും നഷ്ടപ്പെടുകയാണ്. ഇത് അവരിൽ പലതരത്തിലുള്ള മാനസിക – ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയെന്ന് വരും. അതുകൊണ്ടുതന്നെ ഇതിനെതിരെ വിവിധ സംഘടനകൾ ഇതിനകംതന്നെ സമരരംഗത്തിറങ്ങിയിട്ടുണ്ട്. ആർക്കുവേണ്ടിയാണ് ഈ തുഗ്ലക്ക് പരിഷ്കാരം? കുട്ടികളുടെ മാനസികവും വൈകാരികവും ചിന്താപരവുമായ കാര്യം കണക്കിലെടുക്കാതെയാണ് തികച്ചും അൽപദൃഷ്ടിയായ ഈ സർക്കാർ വിദ്യാഭ്യാസ രംഗത്ത് ഓരോ നടപടികളും സ്വീകരിക്കുന്നത്. നിങ്ങളുടെ ഈ ലക്കും ലഗാനുമില്ലാത്ത നടപടികൾമൂലം ഈ തലമുറയോട് മാത്രമല്ല വരും തലമുറയോട് പോലും ചെയ്യുന്ന കൊടും പാതകമാണിത്. ഇതൊന്നും ചർച്ച ചെയ്യാനോ ജനങ്ങളറിയാനോ നിങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് മനസ്സിലായി. അദ്ധ്യാപകരുടെയും കുട്ടികളു

ടെയും കാര്യത്തിനുവേണ്ടി കെ.എസ്.റ്റി.എ. യുടെ നേതൃത്വത്തിൽ അദ്ധ്യാപകർ രക്തസാക്ഷി മണ്ഡപത്തിൽ ഇന്ന് മുഴുവൻ ദിവസ ഉപവാസ സമരം നടത്തുകയാണ്. അതുകൊണ്ടാണ് സർക്കാർ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നത്. അതിൽ ശക്തമായി പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികളെയും അവരുടെ രക്ഷകർത്താക്കളെയും സാരമായി ബാധിക്കുന്ന ഒരു വിഷയാണ് നിയമസഭയിൽ അടിയന്തരപ്രമേയമായി ഞങ്ങൾ ഉന്നയിച്ചത്. വിദ്യാഭ്യാസരംഗത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ അപമാനകരവും ലജ്ജാകരവുമാണ്. ഈ കാലയളവിലാണ് ഇൻഡ്യയിലാദ്യമായി ഒരു വൈസ്ചാൻസ്ലറെ ഡിസ്മിസ് ചെയ്ത സംഭവമുണ്ടായത്. ഇത് നമ്മുടെ വിദ്യാഭ്യാസരംഗത്തുണ്ടായ അനിഷ്ട സംഭവമാണ്. അതിന്റെ തുടർച്ചയായി വിദ്യാഭ്യാസമേഖല ഇപ്പോൾ ആകെ കുത്തഴിഞ്ഞ രീതിയിലാണ്. ഇതിനുമുമ്പ് കുട്ടികൾക്ക് പുസ്തകം വേണമെന്ന് പറഞ്ഞ് സമരം ചെയ്യേണ്ടൊരു കാലമുണ്ടായിട്ടുണ്ടോ? നമ്മുടെ വിദ്യാർത്ഥികൾക്ക് പുസ്തകം വേണം. 4 ലക്ഷം പുസ്തകങ്ങൾ ഇനിയും കൊടുക്കാനുണ്ടെന്നാണ് അങ്ങ് തന്നെ ഇവിടെ പറഞ്ഞിരിക്കുന്നത്. 90 ശതമാനം പുതസ്തകങ്ങളും വിതരണം ചെയ്തെന്നാണ് അങ്ങ് ഇന്നലെ ഈ സഭയിൽ പറഞ്ഞത്,

സഭാ രേഖകൾ പരിശോധിച്ചാൽ കാണാം. 50 ശതമാനം കൊടുത്തിട്ടുണ്ടെന്നാണ് ഇന്ന് പറയുന്നത്. നാളെ ഈ പ്രമേയം വന്നാൽ ഇനി എത്ര ശതമാനമാകുമെന്ന് പറയാൻ പറ്റില്ല. പുസ്തകം അച്ചടിച്ച് കൃത്യമായി വിതരണം ചെയ്യാനുള്ള സംവിധാനങ്ങളും പണവും എല്ലാം ഉണ്ടല്ലോ; അധാകാരമില്ലേ; വിദ്യാഭ്യാസ വകുപ്പിന്റെ പ്രധാനപ്പെട്ട ജോലി എന്താണ്? അക്കാദമിക് ഇയറിൽ കുട്ടികൾക്ക് രണ്ട് ദിവസം നേരത്തെയെങ്കിലും പാഠപുസ്തകങ്ങൾ കൊടുക്കുന്നതിന് പകരം അതിന് കാലതാമസം വരുത്തിയിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് കാണുന്ന ഏറ്റവും ഗുരുതരമായ ഒരു കുറ്റകൃത്യമാണിത്. കുട്ടികളെ പഠിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് പകരം സമയത്ത് പഠനോപകരണങ്ങൾ കൊടുക്കാതെ അവരെ ശിക്ഷിക്കുകയാണ്. കഴിഞ്ഞ വർഷത്തെ യൂണിഫോം വിതരണത്തെ സംബന്ധിച്ച് പറഞ്ഞത് അത് വെക്കേഷൻ സമയത്ത് കൊടുക്കുമെന്നാണ്. വെക്കേഷൻ കാലത്താണോ യൂണിഫോം ഇടുന്നത്? കേരളത്തിലെ വിദ്യാർത്ഥികൾക്ക് യൂണിഫോം കൊടുക്കുന്നില്ല. അത് അവിടെയും ഇവിടെയുമൊക്കെ ഏർപ്പാട് ചെയ്തിട്ടുണ്ട്, നല്ല ഗുണനിലവാരം വേണം എന്നൊക്കെ പറയുന്നതല്ലാതെ യൂണിഫോം കൊടുക്കുന്നില്ല. അങ്ങ് എന്തിനാണ് ഒളിക്കുന്നത്; കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഒരു മാറ്റം വരുത്തണമെങ്കിൽ സഭയിൽ ചർച്ച ചെയ്യാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ്; ഈ അശാസ്ത്രീയമായ, ആർക്കും വേണ്ടാത്ത, ഏതോ ഒരു ലബ്ബയുടെ പേരിൽ കൊണ്ടുവന്ന ഈ ടൈംടേബിൾ എന്തിനാണ്? കേരളത്തിലെ മുഖ്യമന്ത്രി ഇടപെട്ട് ആ ടൈംടേബിൾ മാറ്റി വയ്ക്കണമെന്നും, പുനപരിശോധിക്കണമെന്നും പറയേണ്ടി വന്നില്ലേ; നിസ്സാരമായൊരു കാര്യം എന്തിനാണ് ഇങ്ങനെ വഷളാക്കിയത്; ഏത് റിപ്പോർട്ടു

വന്നാലും സഭയിൽ ചർച്ച ചെയ്യാത്തത് ഗുരുതരമായ വിഷയമല്ലേ; കുട്ടികളെ ബാധിക്കുന്ന കാര്യമല്ലേ? അതിന്റെ മറ്റ് പ്രായോഗിക കാര്യങ്ങൾ ഞാൻ പറയുന്നില്ല. അത് സംബന്ധിച്ച് അങ്ങേയ്ക്കും അറിയാവുന്നതാണ്. നമ്മ ളെല്ലാം മനുഷ്യ ജീവികളാണ്. കുട്ടികളുടെ പ്രാഥമികമായ ആവശ്യങ്ങൾ നിയന്ത്രിക്കാൻ പറ്റുന്നതല്ല. ഒരു പരിമിതമായ സമയത്തിനുള്ളിൽ, 5 മിനിട്ടി നകം നിങ്ങൾ ആയിരം പേരും ഒരേ മൂത്രപ്പുരയിൽ പോയി തിരിച്ചുവരണ മെന്ന് അദ്ധ്യാപകർ പറഞ്ഞാൽ അത് സാധിക്കുന്ന കാര്യമാണോ; എന്തി നാണ് ഈ വിഡ്ഢിത്തരങ്ങൾ ചെയ്യുന്നത്? നാട്ടിൻപുറങ്ങളിൽ സാനിറ്റേഷൻ സൗകര്യങ്ങളില്ലാത്ത ധാരാളം വിദ്യാലയങ്ങളുണ്ട്. ഇതെല്ലാം വളരെ നിരുത്ത രവാദപരമായി നടത്തിയ കാര്യങ്ങളാണ്. 12,500 ടീച്ചേഴ്സിന് തസ്തികയി ല്ലാതെ വരുകയാണ്. ഇക്കണോമിക്കലായി വയബിളല്ലാത്ത സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 12,500 ടീച്ചേഴ്സ് ഇപ്പോൾ സ്പേസിലാണ്. അവരുടെ തസ്തിക എവിടെയാണെന്നും അവർക്ക് ശമ്പളം കിട്ടുമോയെന്നും അവർ സർവ്വീസിലുണ്ടോയെന്നും അറിയില്ല. ഇതു കാരണം ഉണ്ടാകാൻ പോകുന്ന ഗുരുതരമായ പ്രശ്നങ്ങൾ വേറെയുണ്ട്. അങ്ങ് പാവപ്പെട്ടവരോട് കാരുണ്യമുള്ളയാളാണ്, റംസാൻ വ്രതമാസക്കാല മാണ്. ഈ വ്രതമാസത്തിൽ നമ്മുടെ പള്ളിക്കൂടത്തിലെ കുട്ടികൾ ഉച്ചയ്ക്ക് പട്ടിണിയിരിക്കുന്നത് ശരിയാണോ? വിദ്യാർത്ഥികൾ പട്ടിണിയിലാണ്. മഹാഭൂ രിപക്ഷം വിദ്യാലയങ്ങളിലും അതിനുള്ള സംവിധാനമില്ല. പി.ടി.എ. ക്കാർ ഒന്നും ചെയ്യുന്നില്ല. അരിയും പയറും എടുക്കുന്നില്ല, അത് പാചകം ചെയ്ത് കൊടുക്കുന്നില്ല, അതിന് ഫണ്ടില്ല. ഫണ്ട് ഉണ്ടെന്നാണ് പറയുന്നത്. പക്ഷെ, അനുവദിച്ചിട്ടില്ല. ലംപ്സംഗ്രാന്റ്– അങ്ങ് പലകാര്യങ്ങളും നിഷേധിച്ചെങ്കിലും

അതുമാത്രം നിഷേധിച്ചില്ല. ലംപ്സംഗ്രാന്റ് കൊടുക്കേണ്ടത് പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പാണെന്ന് പറയുകയല്ല വിദ്യാഭ്യാസ മന്ത്രിയുടെ ജോലി. വിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് കൊടുക്കേണ്ട ലംപ്സംഗ്രാന്റിന്റെ തുക വർക്ക്ഔട്ട് ചെയ്ത് ആ ഡിപ്പാർട്ടുമെന്റിൽ നിന്ന് ഡ്രോ ചെയ്ത് കുട്ടികൾക്ക് കൊടുക്കുന്നതിനു പകരം അത് വേറെ വകുപ്പിന്റെ കീഴിലാണെന്നാണ് പറയുന്നത്. കുട്ടികൾക്ക് പ്രാഥമികാവശ്യം നിർവ്വഹിക്കുന്നതിന് നിവൃത്തിയില്ല, പുസ്തകങ്ങളില്ല, യൂണിഫോമില്ല, ഉച്ചഭക്ഷണമില്ല, പഠിക്കാനുള്ള യാതൊരു അടിസ്ഥാന സൗകര്യവുമില്ല. നിങ്ങൾ ഈ കേരളത്തിലെ വിദ്യാർത്ഥികളെ പ്രകോപിപ്പിച്ച് വിദ്യാർത്ഥി സമരത്തിന് വഴിയൊരുക്കുകയാണ്. ഇതിൽ കൂടുതൽ പീനലൈസ് ചെയ്യാൻ ഒരു ഗവൺമെന്റിനും കഴിയില്ല. അദ്ധ്യാപകരുടെ തസ്തിക ഇല്ലാതാക്കുക, വിദ്യാർത്ഥികളെ അനാഥരാക്കുക, അവർക്ക് അവകാശപ്പെട്ടത് നൽകാതിരിക്കുക. ഈ നടപടിയിൽ നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസമേഖല എങ്ങനെയാണ് മുന്നോട്ടുപോവുക? നിരുത്തരവാദപരമായി, സാമൂഹ്യപ്രതിബദ്ധതയില്ലാതെ നടത്തുന്ന അത്യന്തം ഗുരുതരമായ ഒരു വിഷയമാണിത്. ഏതായാലും മുഖ്യമന്ത്രി സഭയിൽ രണ്ടു കാര്യങ്ങൾ പറഞ്ഞു, ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. ഒന്ന്, പ്ലസ് വണ്ണിന് കേരളത്തിലെ ഒരു കുട്ടിക്കും പ്രവേശനമില്ലാത്ത അവസ്ഥ വരില്ല, എല്ലാവരെയും അക്കോമഡേറ്റ് ചെയ്യും. രണ്ട്, അശാസ്ത്രീയമായ ടൈംടേബിളിനെ സംബന്ധിച്ച് പുനഃപരിശോധിക്കും. ആ രണ്ടുകാര്യങ്ങൾക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അങ്ങ് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയല്ലേ; ഇക്കാര്യത്തെ സംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ; അടിയന്തരപ്രമേയം കൊണ്ടുവന്നാൽ അങ്ങ് പോസിറ്റീവായിട്ട് പ്രതികരി

ക്കണ്ടെ? പണ്ടിവിടെ ധാരാളം കുഴപ്പങ്ങൾ നടന്നിട്ടുണ്ടെന്നാണ് മുഖ്യ മന്ത്രിയും അങ്ങും ഇവിടെ പറഞ്ഞത്. ഇതാണോ നിങ്ങളുടെ എപ്പോഴുമുള്ള ആർഗ്യുമെന്റ്; പണ്ട് കുഴപ്പങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് നിങ്ങൾക്ക് രക്ഷപ്പെ ടാമെന്നാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും അങ്ങനെ പറഞ്ഞത് നിർഭാഗ്യകരമാണ്. അങ്ങനെ ആക്ഷേപിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ; ഇന്നത്തെ കാര്യമാണ് ഞങ്ങൾ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മറുപടി പറയുന്നതിനുവേണ്ടി ഞാൻ എഴുന്നേറ്റപ്പോൾ അതിന് സമ്മതിക്കാതെ ബഹളം വച്ചുകൊണ്ടിരുന്നതിന് ഞാനാണോ കുറ്റക്കാരൻ; ബഹളം ഉണ്ടാക്കി ക്കൊണ്ടിരുന്നാൽ ഞാനെങ്ങനെ മറുപടി പറയും? അങ്ങനെ ബഹളം തുടർന്ന പ്പോഴാണല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചത്.

ശ്രീ. സി. ദിവാകരൻ: സർ, മുഖ്യമന്ത്രിക്ക് സംസാരിക്കാൻ കഴിഞ്ഞല്ലോ; അങ്ങേയ്ക്കെന്താണ് കഴിയാതിരുന്നത്; മുഖ്യമന്ത്രി എഴുന്നേറ്റപ്പോൾ എല്ലാം ശാന്തമായല്ലോ? ഞങ്ങൾ ബഹളമുണ്ടാക്കിയതല്ല, അങ്ങ് നിഷേധാത്മകമായ, നെഗറ്റീവായിട്ടുള്ള മറുപടികളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് കേൾക്കാനല്ല ഞങ്ങളിരിക്കുന്നത്. നിങ്ങൾ പ്രതിപക്ഷത്തെ, ജനാധിപത്യത്തെ ബഹുമാനിക്കുന്നവരാണെങ്കിൽ പ്രതിപക്ഷത്തുനിന്ന് ന്യായമായ ആവശ്യങ്ങ ളുന്നയിച്ചാൽ അതിനെ പോസിറ്റീവായിട്ട് സ്വാഗതം ചെയ്യണം. അതാണ് ജനാ ധിപത്യം. അല്ലാതെ രണ്ടോമൂന്നോ ആളുകളുടെ ഭൂരിപക്ഷമുണ്ടെങ്കിൽ എന്തും വിളിച്ചുപറയാം എന്നുള്ള സമീപനം ശരിയല്ല. അഹങ്കാരമാണത്, അധികാരത്തിന്റെ ലഹരിയാണ്. അതും കേട്ടുകൊണ്ട് ഞങ്ങളിവിടെ ഇരി ക്കില്ല. ഒരു അടിയന്തരപ്രമേയം വന്നാൽ ഇങ്ങനെയാണോ വകുപ്പുമന്ത്രി മറുപടി പറയേണ്ടത്? ഞങ്ങളെല്ലാം ഒരുപാട് പറഞ്ഞിട്ടുള്ളതാണ്, അതിങ്ങനെ

യല്ല. പറയുന്നതിൽ കഴമ്പുണ്ടെങ്കിൽ നിങ്ങളതിനെ സ്വാഗതം ചെയ്യണം. നിങ്ങളത് ചെയ്തില്ല. അതുകൊണ്ടാണ് ഞങ്ങൾക്ക് കുറച്ച് വിഷമം ഉണ്ടായത്. അത് സ്വാഗതം ചെയ്തുകൊണ്ട് മുഖ്യമന്ത്രി എഴുന്നേറ്റു. അദ്ദേഹം പോസിറ്റീവായി അക്കാര്യം മനസ്സിലാക്കി. നിങ്ങൾക്ക് മനസ്സിലായെങ്കിലും മനപൂർവ്വം അത് പറഞ്ഞില്ല. തെറ്റാണെന്ന് എല്ലാവർക്കും ബോധ്യം വന്നൊരു ടൈംടേബിൾ പിൻവലിക്കുന്നു എന്ന് പറഞ്ഞിരുന്നുവെങ്കിൽ അങ്ങയുടെ മൈലേജ് വളരെ കൂടിയേനെ. അങ്ങ് അത് പറഞ്ഞില്ല. പറയാതിരുന്നത് നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് ജനങ്ങളുമായിട്ട് ബന്ധപ്പെടുന്ന ഒരാളല്ലേ; വെറുമൊരു സ്പീക്കറല്ലല്ലോ. നമ്മുടെയെല്ലാം മണ്ഡലങ്ങളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണമുണ്ടോ; യൂണിഫോമുണ്ടോ: പാഠപുസ്തകമുണ്ടോ? ഒന്നുമില്ല സർ, അതാണ് ഞങ്ങളിവിടെ പറഞ്ഞത്. സത്യമല്ലേ ഞങ്ങൾ പറഞ്ഞത്? ഇതിലൊന്നുമില്ല, പണ്ടിതിനേക്കാൾ കുഴപ്പമായിരുന്നു എന്നുപറഞ്ഞ് ആ അടിയന്തര പ്രമേയത്തെ പിച്ചിച്ചീന്തി ദൂരെയെറിയുകയാണ്. പണ്ട് നിങ്ങൾ ഒരുപാട് കുഴപ്പം ചെയ്തവരാണ്, ഞങ്ങളിപ്പോൾ ചെറിയ കുഴപ്പമേ ചെയ്യുന്നുള്ളൂ എന്ന രീതിയിലാണോ സമീപിക്കേണ്ടത്? വിദ്യാഭ്യാസ രംഗത്തുള്ള ബേസിക് ഇഷ്യൂസാണ് ഞങ്ങൾ റെയ്സ് ചെയ്തത്. അതിനോട് അങ്ങയുടെ പ്രതികരണം നിർഭാഗ്യകരമായിരുന്നു. ഇതുസംബന്ധിച്ച് ഒരു മണിക്കൂർ ചർച്ച ചെയ്യാമെന്ന് അങ്ങ് പറയണമായിരുന്നു. അങ്ങ് അനുവദിച്ചില്ല, നിർഭാഗ്യകരമാണ്, പ്രതിഷേധമുണ്ട്. ഇനിയെങ്കിലും വിദ്യാഭ്യാസമേഖലയിൽ വരുന്ന പ്രശ്നങ്ങളിൽ ഞങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് ചർച്ച ആവശ്യപ്പെട്ടാൽ അങ്ങയുടെ വലിയ മനസ്സ് ഉണർന്ന്... അങ്ങേയ്ക്ക് വലിയ പാരമ്പര്യമുള്ള ആളാണ്, പക്ഷേ ആ പാരമ്പര്യം ഇപ്പോൾ കാണുന്നില്ല. ആ നിലയിൽ ഇതിനോട് ഒരു സമീപനം സ്വീകരിക്കണെ

മായിരുന്നു. സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചതായിരുന്നു. ആ പ്രതീക്ഷ തെറ്റിച്ചതിൽ ഞങ്ങൾക്ക് നിരാശയുണ്ട്. തീർച്ചയായിട്ടും ഇത് ആവർത്തിക്കരുത്. ഗുരുതരമായ ഒരു സമീപനമാണ് അങ്ങ് സ്വീകരിച്ചത്. അങ്ങ് ഈ ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ, അങ്ങ് ഇറങ്ങിപ്പോകുന്നതിനു മുമ്പ് എത്ര മിനിട്ട് എടുത്തു എന്നുകൂടി നോക്കണം. ചെയർ നിയന്ത്രിച്ചില്ല. ഒന്നും പറഞ്ഞില്ല.

ശ്രീ. സി. ദിവാകരൻ: സർ, സോറി സർ. അടിയന്തരപ്രമേയത്തിൻ മേലുള്ള ചർച്ച അനുവദിക്കാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, സ്കൂൾ അടച്ചുകഴിഞ്ഞ് യൂണിഫോമും, പരീക്ഷകഴിഞ്ഞ് പാഠപുസ്തകവും കൊടുക്കുന്ന അതിവേഗ സർക്കാരാണ് ഇപ്പോൾ ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ശ്രീ. ഇ. കെ. വിജയന്റെ പ്രസംഗത്തിൽ നിന്നും മൂന്ന് കാര്യങ്ങൾ പറഞ്ഞു. നാലാമത്തെ കാര്യം, യുണിഫോം അദ്ദേഹം സൗകര്യപൂർവ്വം വിസ്മരിച്ചു. കഴിഞ്ഞ അധ്യയനവർഷം യൂണിഫോം കൊടുത്തത് എപ്പോഴാണ്? സ്കൂൾ അടക്കുന്നതിന് മുമ്പ് കൊടുത്തുകൊള്ളാം എന്ന് കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞതാണ്. അതായത് മാർച്ച് 31-ന് മുൻപ്, അവധിക്കാലത്ത് ഉപയോഗിക്കാൻ! എന്നാൽ മാർച്ച് 31-ന് മുമ്പും കൊടുക്കാൻ കഴിഞ്ഞില്ല. നേരത്തേ

യൂണിഫോമുകൾ വിതരണം ചെയ്യാനുള്ള സംവിധാനം പി.റ്റി.എ. വഴി ഒരുക്കിയിരുന്നു. ഇപ്പോൾ വിദ്യാഭ്യാസവകുപ്പ് നേരിട്ട് വലിയ കമ്പനികളെ ഏൽപ്പിച്ചിരിക്കുകയാണ്, എന്ത് കാര്യത്തിനാണെന്ന് അറിയില്ല. യൂണിഫോം വിതരണം മൊത്തമായി കമ്പനികളെ ഏൽപ്പിച്ചുകൊണ്ട് പുതിയ രീതി കൊണ്ടുവന്നതിന്റെ ഉദ്ദേശ്യത്തെപ്പറ്റി വളരെ സംശയമുണ്ട്. രേഖകളില്ലാത്തതുകൊണ്ട് ഞാനത് സഭയിൽ ഉന്നയിക്കുന്നില്ല. കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ അടയ്ക്കുന്നതുവരെ യൂണിഫോം കൊടുത്തില്ല. മുഖ്യമന്ത്രി അക്കാര്യത്തെപ്പറ്റി ഒന്നും പറഞ്ഞില്ല. വിദ്യാഭ്യാസവകുപ്പ് നേരിട്ട് കമ്പനികൾക്ക് കരാർ കൊടുക്കുന്ന പുതിയ സമ്പ്രദായം കൊണ്ടുവന്നതാരാണ്? ഇപ്പോൾ യൂണിഫോം എന്നുപറയുന്നത് അവധിക്കാലത്ത് ഉപയോഗിക്കുവാനുള്ളതാണ്. പാഠപുസ്തക വിതരണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി ഇന്നലെയാണ് സ്കൂൾ ആരംഭിച്ചത് എന്നാണ്. അങ്ങനെയല്ല, ജൂൺമാസത്തിൽ ക്ലാസ് ആരംഭിച്ചതാണ്. പ്ലസ് വൺ ആരംഭിച്ചത് ഇന്നലെയാണ്. ഇതിലെ കണക്കുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. എന്റെ മകൾ പ്ലസ്ടുവിന് സംസ്ഥാന സ്കൂൾ സിലബസ്സിൽ എയ്ഡഡ് സ്കൂളിൽ പഠിക്കുകയാണ്. ആ സ്കൂളിൽ പുസ്തകം കിട്ടിയിട്ടില്ല. ആർക്കും കിട്ടിയിട്ടില്ല എന്നു പറയുന്നില്ല, കുറച്ചുപേർക്ക് കിട്ടിയിട്ടുണ്ട്. ജൂൺ മാസം ആദ്യം ക്ലാസ്സു തുടങ്ങി മിഡ് ടേം പരീക്ഷ കഴിഞ്ഞിരിക്കുന്നു, ഇതുവരെ പാഠപുസ്തകം കിട്ടിയിട്ടില്ല. പാഠപുസ്തക വിതരണം ഇങ്ങനെ നീണ്ടുപോയാൽ, ഇവിടെ സന്ദർശക ഗാലറിയിൽ ഇരിക്കുന്നവരെപ്പറ്റി പരാമർശിക്കുവാൻ പാടില്ലെന്നാണ്, ഞാൻ പരാമർശിക്കുന്നില്ല. പക്ഷെ ഈ അസംബ്ലിയുടെ പരിസരത്ത് ഇപ്പോൾ സ്കൂൾ വിദ്യാർത്ഥികളുണ്ട്, ഗാലറിയിലുമുണ്ട്, അവരെ വിളിച്ച് പാഠപുസ്തകം കിട്ടിയിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദി

ച്ചാൽ, എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന, സംസ്ഥാന സ്കൂൾ സിലബസ് പഠിക്കുന്ന കുട്ടികളാണെങ്കിൽ, ഈ വർഷത്തെ പാഠപുസ്തകങ്ങൾ കിട്ടിയി ട്ടില്ല എന്ന് അവർ നെഞ്ചത്ത് കൈവച്ച് പറയും. അഡ്മിഷൻ എന്തു കൊണ്ടാണ് വൈകിയത്? ഏപ്രിൽ മാസം 16-ാം തീയതി എസ്.എസ്. എൽ.സി. യുടെ പരീക്ഷാ റിസൽറ്റ് വന്നു. വളരെ നേരത്തെയാണ്, ആ കാര്യ ത്തിൽ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു. ഏപ്രിൽ മാസം പകുതിയും മെയ് മാസം മുഴുവനും കിട്ടി. ജൂൺ പകുതിയോടുകൂടിയെങ്കിലും പ്ലസ് വൺ ക്ലാസ്സുകളാരംഭിക്കേണ്ടതല്ലേ? ജൂലൈ പകുതിയായിട്ടും ക്ലാസ്സുകൾ ആരംഭിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സമസ്ത മേഖലയിലും കെടുകാര്യസ്ഥത വന്നിരിക്കുന്നു. അതാണ് ഞാൻ മുമ്പ് സൂചിപ്പിച്ചത്, സ്കൂൾ അടച്ചുകഴിഞ്ഞ്, അവധിക്കാലത്ത് യുണിഫോമും പരീക്ഷ കഴിഞ്ഞ് പാഠപുസ്തകവും വിതരണം ചെയ്യുന്ന ഈ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ വേണ്ടി മനസ്സ് കാണിക്കേണ്ടിയി രുന്നു. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. എ.കെ. ശശീന്ദ്രൻ:</u> സർ, പ്രതിപക്ഷം ഒരു ആവശ്യം ഉന്നയിച്ചാൽ അതിൽ ശരിയുണ്ടോ, തെറ്റുണ്ടോ എന്നു പരിശോധിക്കുവാനും ചർച്ച ചെയ്യു വാനുമാണ് നിയമസഭാ വേദി ഉപയോഗിക്കേണ്ടത്. അതിനു പകരം ബഹുമാ നപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടി തന്നെ എല്ലാപേരേയും അതിശയിപ്പി

ക്കുന്നതാണ്. 42 ശതമാനം പുസ്തകമേ ഇനിയും അച്ചടിച്ചിട്ടുള്ളൂ എന്നാണ് പറഞ്ഞത്. ബാക്കി വരുന്ന പുസ്തകങ്ങൾ എപ്പോൾ അച്ചടിക്കും, എപ്പോഴത്തേക്ക് അച്ചടി പൂർത്തിയാക്കും എന്ന് മന്ത്രി പറഞ്ഞില്ല.

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 42 ശതമാനം വിതരണം ചെയ്തു എന്നാണ് പറഞ്ഞത്, അച്ചടി പൂർത്തിയായതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങനെയെങ്കിൽ ബാക്കി എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോഴും പറഞ്ഞില്ല. ഇത്രാം തീയതിയ്ക്കകം പുസ്തകവിതരണം പൂർത്തിയാക്കും എന്ന് വിദ്യാഭ്യാസമന്ത്രി മറുപടി പറഞ്ഞപ്പോഴും പറഞ്ഞില്ല.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ കൃത്യമായി പറഞ്ഞതാണ്. ജൂലായ് 31-ന് മുമ്പ് മുഴുവൻ വിതരണവും പൂർത്തീകരിക്കുമെന്ന് പറഞ്ഞതാണ്, അങ്ങ് കേൾക്കാത്തതുകൊണ്ടാണ്.

ശ്രീ. എ.കെ. ശശീന്ദ്രൻ : സർ, യൂണിഫോമിന്റെ പ്രശ്നം കഴിഞ്ഞ തവണയും സഭ ചർച്ചചെയ്തതാണ്. അന്ന് പാളിച്ചപറ്റി എന്ന് സമ്മതിക്കാനുള്ള സൻമനസ്സ് ഉണ്ടായിരുന്നുവെങ്കിൽ തിരുത്തൽ നടപടികൾ സ്വീകരിക്കാമായിരുന്നു. പക്ഷെ, അന്നും ഒരു കുഴപ്പവും ഇവിടെ ഉണ്ടായിട്ടില്ല എന്നൊരു പിടിവാശിയായിരുന്നു. എല്ലാം നല്ല രീതിയിൽ നടക്കുന്നു എന്നൊരു അബദ്ധധാരണ, ഈ അബദ്ധ ധാരണകൾ തിരുത്തി യാഥാർത്ഥ്യ ബോധത്തോടുകൂടി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ സമീപിക്കണമെന്നാണ് ഞങ്ങളാവശ്യപ്പെട്ടത്. അതിനൊരു ചർച്ച ആവശ്യമാണ്. ഇപ്പോൾത്തന്നെ, സിലബസ്സിന്റെ പ്രശ്നത്തിൽ ഒരു പുന:പരിശോധനയുടെ ആവശ്യമുണ്ട് എന്ന സ്ഥിതിയിലേക്ക് ഈ സഭ എത്തിച്ചേർന്നത് എന്തുകൊണ്ടാണ്; ഇവിടെ അത് ഉന്നയിച്ച

തുകൊണ്ടല്ലേ? അങ്ങനെയുള്ള പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടാൽ അത് ചർച്ച ചെയ്യാമെന്ന സൻമനോഭാവം കാണിക്കുന്നതിന് പകരം എല്ലാം ഭദ്രമാണ്, കഴിഞ്ഞ കാലഘട്ടങ്ങളിൽ അങ്ങനെയായിരുന്നു എന്ന മനോഭാവമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ എല്ലാ പഞ്ചായത്തിലും പ്ലസ്ടു സ്കൂളുകളില്ലായിരുന്നല്ലോ; അതുകൊണ്ട് ഇനി പ്ലസ്ടു സ്കൂളുകൾ വേണ്ടാ എന്നാണോ നിങ്ങളാലോചിക്കുന്നത്? അന്ന് അത്രയും മതിയായിരുന്നു. പിന്നീട് കുറച്ചുകൂടി ആവശ്യമായി വന്നു. കാലത്തിന്റെ ആവശ്യമനുസരിച്ച് ഗവൺമെന്റുകൾക്ക് പുതിയ തീരുമാനങ്ങളും പുതിയ പുതിയ നടപടികളും സ്വീകരിക്കേണ്ടിവരും. പണ്ട് നടന്നതൊക്കെ പറഞ്ഞ് ഇനിയും അതുപോലെ നടന്നാൽ മതി എന്നല്ല തീരുമാനിക്കേണ്ടത്. വിദ്യാഭ്യാസ മേഖലയിലെ കാര്യക്ഷമതാരാഹിത്യം ഇവിടെ നടമാടുന്നുണ്ട്, ആ കാര്യക്ഷമതാരാഹിത്യം അവസാനിപ്പിക്കുന്നതിനാവശ്യമായ ജാഗ്രതയോടുകൂടിയ ചർച്ചകൾ ആവശ്യമാണ്. അത്തരം ചർച്ചകളോട് നിഷേധാത്മകമായ നിലപാട് ആണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)